(സി) പ്രൈമറി സഹകരണ ബാങ്കുകൾക്ക് ജില്ലാ ബാങ്കുകൾ നൽകുന്ന തുകയ്ക്ക് ജില്ലാബാങ്കുകൾ ഈടാക്കുന്ന പലിശ എത്ര ശതമാനമാണ് എന്ന് വെളിപ്പെടുത്താമോ?

*ഉത്തരം*

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ കാർഷിക വായ്പകൾക്ക് വാങ്ങുന്ന പലിശ നിരക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) നബാർഡിന്റെ പുനർ വായ്പയുടെ പലിശനിരക്കുകൾ കുറയ്ക്കുന്ന മുറയ്ക്കുമാത്രമേ നിലവിലുള്ള പുനർവായ്പ പദ്ധതി പ്രകാരമുള്ള കാർഷിക വായ്പകളുടെ പലിശ നിരക്ക് കുറയ്ക്കുന്ന കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

(സി) പ്രാഥമിക സഹകരണ സംഘങ്ങൾക്കും ബാങ്കുകൾക്കും ജില്ലാ സഹകരണ ബാങ്കുകൾ നബാർഡിന്റെ പുനർ വായ്പാ പദ്ധതി പ്രകാരം നൽകുന്ന ഹ്രസ്വകാല കാർഷിക വായ്പകൾക്ക് 6.75% പലിശ ഈടാക്കുന്നു. പുനർവായ്പ പദ്ധതി ലഭ്യമാകാത്ത ജില്ലാ ബാങ്കുകൾ സ്വന്തം ഫണ്ടിൽനിന്നും പ്രാഥമിക സംഘങ്ങൾക്ക് 9.5% നിരക്കിൽ വായ്പ നൽകുന്നു.

**സഹകരണ ജീവനക്കാരുടെ പെൻഷൻ**

148 [3674] *ശ്രീ. കെ. മോഹൻകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കിൽനിന്നും വിരമിച്ചവർക്ക് പെൻഷൻ പ്രാബല്യത്തിൽ വന്നത് എന്നു മുതൽക്കാണ്;

(ബി) ആകെ എത്ര പേർക്ക് പ്രസ്തുത ആനുകൂല്യം ലഭ്യമാക്കിയെന്ന് വെളിപ്പെടുത്താമോ;

(സി) സഹകരണ ബാങ്കുകളിൽ നിന്നും പെൻഷനായ മുൻ ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ മുൻകാല സഹകരണ ജീവനക്കാർക്കും പെൻഷൻ ആനുകൂല്യങ്ങൾ ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ?

---

† അനുബന്ധം X.

LIBRARY ARCHIVES Kerala Legislative Assembly

*ഉത്തരം*

(എ) 14-3-1995-ലെ ജി.ഒ.(പി) 44/95/സഹ. പ്രകാരം 3-6-1993 മുതൽക്കാണ് പെൻഷൻ പ്രാബല്യത്തിൽ വന്നത്.

(ബി) നാളിതുവരെ 3141 ജീവനക്കാർക്ക് പ്രസ്തുത ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്.

(സി) & (ഡി) സഹകരണ ബാങ്കുകളിൽ നിന്നും 1-1-1974 മുതൽ പെൻഷനായ വരും ജീവിച്ചിരിക്കുന്നവരുമായ ആളുകൾക്ക് 24-3-2003-ലെ ജി.ഒ.(പി) 58/2003/സഹ. പ്രകാരം പെൻഷൻ അനുവദിച്ചിട്ടുണ്ട്.

**എസ്. പി. സി. എസ്.-ന്റെ ഭരണസമിതി**

149 [3675] *ശ്രീമതി ശോഭനാ ജോർജ്:*

*ഡോ. എം. എ. കുട്ടപ്പൻ:*

*ശ്രീ. എ. സുജനപാൽ:*

,, *വർക്കല കഹാർ:*

,, *ലൂഡി ലൂയിസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.പി.സി.എസ്.-ന്റെ ഭരണസമിതി പിരിച്ചുവിട്ട നടപടി ഹൈക്കോടതി റദ്ദാക്കുകയുണ്ടായോ;

(ബി) അതു സംബന്ധിച്ച കേസിൽ എസ്.പി.സി.എസ്. ഭരണസമിതി കോടതിക്ക് നൽകിയ ഉറപ്പെന്തായിരുന്നു;

(സി) എസ്.പി.സി.എസ്.-ന്റെ പഴയ പ്രതാപം വീണ്ടെടുക്കാൻ അതിന്റെ ഭരണസമിതിക്ക് കഴിഞ്ഞിട്ടുണ്ടോ;

(ഡി) എസ്.പി.സി.എസ്.-ന്റെ ഇപ്പോഴത്തെ ബാദ്ധ്യതകൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ഇ) അത് ഓരോ യിനത്തിലും എത്ര തുക വീതം വരും എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly